# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6666** **04.04.2018-ൽ മറുപടിക്ക്**

## എസ്.എസ്.എ. യുടെ കേന്ദ്ര ഫണ്ടിലെ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | കേന്ദ്ര സർക്കാർ എസ്.എസ്.എ.യുടെ കേന്ദ്രഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ 564.73 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിരുന്നു. ഇതിൽ കിട്ടേണ്ടിയിരുന്ന 60% തുകയായ 338.44 കോടി രൂപ യിൽ നിന്നും 201.05 കോടി രൂപ കുറച്ച് 136.79 കോടി രൂപ മാത്രമാണ് കേന്ദ്രം അനുവദിച്ചത്. സംസ്ഥാന സർക്കാർ വിഹിതമായി 137.38 കോടി രൂപയും സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 9 കോടി രൂപയും ഇതിനുപുറമെ 1 കോടി 96 ലക്ഷം രൂപയും 28.03.2018 വരെ ലഭ്യമായിട്ടുണ്ട് |
| ബി) | പ്രസ്തുത കുറവ് മൂലം സൗജന്യ പാഠപുസ്തകം, യൂണിഫോം വിതരണം എന്നിവയിൽ പ്രതിസന്ധിയുണ്ടായിട്ടുണ്ടോ; | ബി) | സൗജന്യപാഠപുസ്തകം, യൂണിഫോം വിതരണം എ ന്നിവയിൽ സംസ്ഥാനത്തിനു പ്രതിസന്ധി ഉണ്ടാ യിട്ടില്ല. |
| സി) | കേന്ദ്രം അംഗീകരിച്ച പദ്ധതിയുടെ പ്രവർത്തനം നടന്നുവരുമ്പോൾ കേന്ദ്രഫണ്ട് കുറച്ചത് പ്രസ്തുത പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | സി) | കേന്ദ്ര ഫണ്ട് കുറച്ചത് എസ്.എസ്.എ പദ്ധതിയെ ബാധി ച്ചിട്ടുണ്ട്. അനുവദിച്ചു കിട്ടിയ ഫണ്ടിൽ കുറവുണ്ടായിട്ടു ണ്ടെങ്കിലും ചെലവുകൾ ചുരുക്കിയും സാമ്പത്തിക അച്ച ടക്കം പാലിച്ചും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ച യിച്ചും എസ്.എസ്.എ പദ്ധതിയുടെ 2017-18 വർഷത്തെ പ്രവർത്തനങ്ങൾ എല്ലാം ചിട്ടയോടെ നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) | വിദ്യാഭ്യാസ മേഖലയിൽ വലിയ തിരിച്ചടിയ്ക്ക് കാരണമാകുന്ന ഈ തീരുമാനം പുനഃപരിശോധിക്കുവാൻ ആവശ്യപ്പെടുമോ? | ഡി) | കുറവു വരുത്തിയ ഫണ്ട് പുനസ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് ഇക്കാര്യം റിവ്യൂ മീറ്റിങ്ങുകളിലും കത്തു മുഖേനയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ